**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി നഗരസഭ – 2016 ലെ കൊച്ചിൻ കാർണിവലിന്റെ റാലിയുമായി ബന്ധപ്പെട്ട് കൊച്ചി നഗരസഭയിൽ നിന്നും തുക അനുവദിച്ച നടപടി സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.3898/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 04.12.2017

---

പരാമർശം:- നഗരകാര്യ ഡയറക്ടറുടെ 17/04/2017, 07/10/2017 എന്നീ തീയതികളിലെ ഡി.സി.3-10140/2016 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഫോർട്ട് കൊച്ചി കടൽത്തീരത്ത് പുതുവത്സരത്തോടനുബന്ധിച്ച് കൊച്ചി നഗരസഭയുടെ സഹകരണത്തോടെ നടത്തി വരുന്ന കൊച്ചിൻ കാർണിവൽ 2016 ന്റെ റാലിയുമായി ബന്ധപ്പെട്ട് 3 ലക്ഷം രൂപ നഗരസഭ കൗൺസിലിന്റെ അംഗീകാരത്തോടെ നഗരസഭയുടെ തനത് ഫണ്ടിലെ 'കൊച്ചി നഗരസഭ 2015-16 ബജറ്റ് അക്കൗണ്ട് കോഡ് 220800200' എന്ന ഹെഡിൽ നിന്നും അനുവദിച്ചു നൽകിയ നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശകത്തുകൾ പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചിൻ കാർണിവൽ 2016 ന്റെ റാലിയുമായി ബന്ധപ്പെട്ട് നഗരസഭയുടെ തനത് ഫണ്ടിലെ 'കൊച്ചി നഗരസഭ 2015-16 ബജറ്റ് അക്കൗണ്ട് കോഡ് 220800200' എന്ന ഹെഡിൽ നിന്നും 3,00,000/- (മൂന്ന് ലക്ഷം) രൂപ അനുവദിച്ച് നൽകിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മുനിസിപ്പൽ സെക്രട്ടറി, കൊച്ചി നഗരസഭ
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ